milma®

Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:16:CATINSU:2022 :/ 31.03.2023

## സർക്കുലർ നമ്പർ 123 /2023

**വിഷയം :- നിശ്ചിത പരിധിക്കു മുകളിൽ അന്തരീക്ഷ താപനില ഉയർന്നാൽ കറവ മൃഗങ്ങളിലുണ്ടാകുന്ന ഉല്പാദനക്കുറവ് മൂലമുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച്.**

കാർഷിക മേഖലയിൽ "പ്രധാന മന്ത്രി ഫസൽ ബീമായോജന" എന്ന പദ്ധതി വഴി കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷൂറൻസ് പദ്ധതിനിലവിലുണ്ട്. കാലാവസ്ഥ വ്യതിയാനംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം ഒരു പരിധി വരെ പരിഹരിക്കുന്നതിനാണ് കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷൂറൻസ് നടപ്പിലാക്കുന്നത്. എന്നാൽ ക്ഷീര കർഷകർക്ക് കാലാവസ്ഥ വ്യതിയാനം കൊണ്ട് പാലുൽപ്പാദനത്തിൽ കുറവു വരുന്നത് മൂലമുണ്ടാകുന്ന നഷ്ടപരിഹാരത്തിന് ഇൻഷൂറൻസ് ഉള്ളതായി അറിവ് ലഭിച്ചിരുന്നില്ല. ഈ വർഷം ക്ഷീര കർഷകർക്ക് ഇത്തരത്തിലുള്ള ഒരു ഇൻഷൂറൻസ് പദ്ധതി ആരംഭിക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് മേഖലാ യൂണിയൻ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

**പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ:**

1. പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ മേഖലാ യൂണിയന്റെ അംഗസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെയായിരിക്കും പരിഗണിക്കുക. ഇപ്പോൾ കറവിയിലുള്ള പശു/എരുമകളെ മാത്രമേ കർഷകന് പദ്ധതിയിൽ ചേർക്കാൻ സാധിക്കുകയുള്ളു.

2. നിശ്ചയിച്ച അന്തരീക്ഷ താപനില, പരിധിക്കു പുറത്തു തുടർച്ചയായി 6 ദിവസമോ അതിൽ കൂടുതലോ വരികയാണെങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെട്ട കറവ പശു/എരുമകൾക്ക് ദിവസത്തിനനുസരിച്ചു ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

3. കർഷകർ പ്രത്യേക ക്ലെയിം സമർപ്പിക്കേണ്ട ആവശ്യമില്ല. പകരം അതാതു പ്രദേശത്തെ അന്തരീക്ഷ താപനില. സാറ്റലൈറ്റ് വിവരശേഖരണ പ്രകാരം എടുത്ത് ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹതയുണ്ട് എങ്കിൽ ആയത് ഇൻഷുറൻസ് കമ്പനി നൽകുന്നതാണ്.

4. പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ ചേരുവാൻ താത്പ്പര്യമുള്ള ക്ഷീര കർഷകരുടെയും, കറവ പശു/എരുമകളുടെ വിശദാംശങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന ശേഖരിക്കുന്നതാണ്.

5. ഈ ഇൻഷുറൻസ് പദ്ധതി **2023 ഏപ്രിൽ 10 മുതൽ മെയ് 9 വരെ** ഒരു മാസത്തേക്കാണ് (30 ദിവസം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

മലബാർ മേഖലാ യൂണിയന്റെ അംഗീകൃത ഇൻഷുറൻസ് ബ്രോക്കറായ എയിംസ് ഇൻഷുറൻസ് ബ്രോക്കേഴ്സുമായി ബന്ധപ്പെടുകയും ഗവൺമെന്റ് അംഗീകൃത ഇൻഷൂറൻസ് കമ്പനിയായ അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ഇൻഷൂറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രീമിയം തുകയും താപനിലാ പരിധിയും ഓരോ ജില്ലയിലും നിശ്ചയിച്ചിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്. ഈ ഇൻഷൂറൻസ് പദ്ധതിയിൽ പരമാവധി ഒരു പശു/എരുമയ്ക്ക് ലഭിക്കുന്ന ഇൻഷൂറൻസ് ആനുകൂല്യമായ 2000 രൂപ അടിസ്ഥാനമാക്കിയാണ് പ്രീമിയം തുക കണക്ക് കൂട്ടിയിരിക്കുന്നത്.

| ജില്ല | താപ നില $^{0}C$ | പ്രീമിയം തുക (ജി.എസ്.ടി ഉൾപ്പടെ) | കർഷകന്റെ വിഹിതം (ഒരു പശു/എരുമയ്ക്ക്) | മേഖലാ യൂണിയൻ വിഹിതം(ഒരു പശു/എരുമയ്ക്ക്) | പ്രീമിയം തുക ആകെ(ഒരു പശു/എരുമയ്ക്ക്) |
|---|---|---|---|---|---|
| കണ്ണൂർ | 34.5 | 4.00% | 40 രൂപ | 40 രൂപ | 80 രൂപ |
| കാസർഗോഡ് | 34.5 | 4.00% | 40 രൂപ | 40 രൂപ | 80 രൂപ |
| കോഴിക്കോട് | 33 | 4.00% | 40 രൂപ | 40 രൂപ | 80 രൂപ |
| മലപ്പുറം | 33.5 | 4.00% | 40 രൂപ | 40 രൂപ | 80 രൂപ |
| വയനാട് | 37 | 4.00% | 40 രൂപ | 40 രൂപ | 80 രൂപ |
| പാലക്കാട് | 37 | 5.00% | 50 രൂപ | 50 രൂപ | 100 രൂപ |

ഇൻഷൂറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട ഇൻഷൂറൻസ് തുക ലഭിക്കുന്നത് താഴെപ്പറയുന്ന പ്രകാരമായിരിക്കും. പരമാവധി ഒരു കർഷകന് ഒരു പശുവിന് ലഭിക്കുന്ന ഇൻഷൂറൻസ് ആനുകൂല്യം 2000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ദിവസം | ലഭിക്കുന്ന തുക |
|---|---|---|
| 1 | 6 ദിവസവും 6 ദിവസത്തിന് മുകളിലും | 140 രൂപ |
| 2 | 8 ദിവസവും 8 ദിവസത്തിന് മുകളിലും | 440 രൂപ |
| 3 | 10 ദിവസവും 10 ദിവസത്തിന് മുകളിലും | 900 രൂപ |
| 4 | 25 ദിവസവും 25 ദിവസത്തിന് മുകളിലും | 2000 രൂപ |

ഉദാഹരണം :-

1. പാലക്കാട് ജില്ലയിലെ അന്തരീക്ഷ താപനില 37 ഡിഗ്രി സെൽഷ്യസിന് മുകളിൽ തുടർച്ചയായി 6 ദിവസമോ 6 ദിവസത്തിൽ കൂടുതലോ വന്നു കഴിഞ്ഞാൽ ഒരു കർഷകന് ഒരു പശുവിന്/എരുമയ്ക്ക് ലഭിക്കുന്ന ഇൻഷൂറൻസ് തുക 140 രൂപയും, 8 ദിവസമോ 8 ദിവസത്തിൽ കൂടുതലോ വന്നു കഴിഞ്ഞാൽ 440 രൂപയും, 10 ദിവസമോ 10 ദിവസത്തിൽ കൂടുതലോ വന്നു കഴിഞ്ഞാൽ 900 രൂപയും, 25 ദിവസമോ 25 ദിവസത്തിൽ കൂടുതലോ വന്നു കഴിഞ്ഞാൽ 2000 രൂപയും ആണ് ലഭിക്കുക.

ഈ പുതിയ പദ്ധതിയിലേയ്ക്കായി ഒരു കറവ പശുവിനെ/എരുമയെ ഇൻഷൂർ ചെയ്യുന്നതിന് പ്രീമിയം തുകയുടെ 50 ശതമാനം മേഖലാ യൂണിയൻ വഹിക്കുന്നതാണ്. ഒരു കർഷകന് പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ ചേർക്കാൻ കഴിയുന്ന പരമാവധി കറവ പശു/എരുമകളുടെ എണ്ണം 10 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

**അപേക്ഷിക്കേണ്ട വിധം** : പ്രസ്തുത ഇൻഷൂറൻസ് പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങളും, ഇൻഷൂർ ചെയ്യാൻ ഉദ്ദേശിക്കുന്ന പശുക്കളുടെ എണ്ണവും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന (Excel sheet) ഫോർമാറ്റിൽ രേഖപ്പെടുത്തി, സംഘത്തിന് കീഴിൽ വരുന്ന ഈ പദ്ധതിയിൽ ചേരുന്ന കർഷകരുടെ വിശദാംശങ്ങളുടെ ലിസ്റ്റ് ക്ഷീര സംഘം സെക്രട്ടറിയുടെ ഒപ്പും ക്ഷീര സംഘത്തിന്റെ മുദ്രയോടും കൂടി സാക്ഷ്യപ്പെടുത്തി ആമുഖ കത്ത് സഹിതം അതാത് ജില്ല/യൂണിറ്റ് പി&ഐ മേധാവികൾക്ക് 08.04.2023 നകം നൽകേണ്ടതാണ്. മേൽ വിവരങ്ങളുടെ "Google sheet" അതാത് പി&ഐ മേധാവികൾ ഇ-മേയിൽ മുഖാന്തിരം അന്ന് തന്നെ ഹെഡ് ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**മാനേജിംഗ് ഡയറക്ടർ**

എല്ലാ അംഗസംഘങ്ങൾക്കും

പകർപ്പ് :

1. എല്ലാ ജില്ല/യൂണിറ്റ് പി&ഐ മേധാവികൾക്കും (പദ്ധതിയിൽ ചേരുവാൻ താൽപ്പര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങൾ Google sheet ൽ 08.04.2023 ന് മുൻപായി രേഖപ്പെടുത്തേണ്ടതാണ്)
2. ജനറൽ മാനേജർമാർ, വകുപ്പ് മേധാവികൾ – ഹെഡ് ഓഫീസ്.